**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2390** **15-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് എത്ര ഗഡു ക്ഷാമബത്ത കുടിശിക ഉണ്ട് എന്ന് അറിയിക്കാമോ; പ്രസ്തുത ക്ഷാമബത്ത അനുവദിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി 10.07.2024-ൽ നിയമസഭയിൽ ചട്ടം 300 പ്രകാരം പ്രഖ്യാപനം നടത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി 10.07.2024-ൽ നിയമസഭയിൽ ചട്ടം 300 പ്രകാരം പ്രഖ്യാപനം നടത്തിയിരുന്നു.** |
| (ബി) | പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഒരു സാമ്പത്തിക വർഷം രണ്ട് ഗഡു അനുവദിക്കും എന്ന് പ്രഖ്യാപിച്ചത് കുടിശികയിലെ രണ്ട് ഗഡു എന്നാണോ എന്നും വെളിപ്പെടുത്തുമോ; | (ബി) | **ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. ഡി.എ/ ഡി.ആർ/ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് വിശദമായ സർക്കാർ ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണെന്നും 2024-25 സാമ്പത്തിക വർഷം മുതൽ പ്രതിവർഷം രണ്ട് ഗഡു ഡി.എ. അനുവദിക്കുമെന്നുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്.** |
| (സി) | അപ്രകാരമാണെങ്കിൽ ഈ സാമ്പത്തിക വർഷം മുതൽ ജീവനക്കാർക്ക് ന്യായമായും ലഭിക്കേണ്ട രണ്ട് ഗഡുവും കുടിശികയിലെ രണ്ട് ഗഡുവും ചേർത്ത് ആകെ നാല് ഗഡു ക്ഷാമബത്ത ആണോ അനുവദിക്കാൻ ഉദ്ദേശിക്കുന്നത് എന്നും ഇപ്രകാരം ക്ഷാമബത്ത കുടിശിക നിവാരണം നടത്താൻ ആണോ തീരുമാനിച്ചിട്ടുള്ളതെന്നും അറിയിക്കാമോ? | (സി) | **സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്** |

സെക്ഷൻ ഓഫീസർ